"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി - ഗുണഭോക്താക്കൾക്കുള്ള ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് വിതരണം - ഗുണഭോക്തൃ സംഗമം സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.551/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/02/2021

---

**ഉത്തരവ്**

2021 ജനുവരി 28 ന് പൂർത്തീകരണ പ്രഖ്യാപനം നടന്ന 2,50,547 വീട്ടുകൾക്ക് ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻ പരിരക്ഷ ഏർപ്പെടുത്തുന്നതിന് വേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021 ഫെബ്രുവരി 24-ാം തീയതി ഉച്ചയ്ക്ക് 12മണിക്ക് സെക്രട്ടറിയറ്റിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രി സംസ്ഥാനതലത്തിൽ ആദ്യ ലൈഫ് ഗുണഭോക്താവിനുള്ള വീടിന്റെ ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) ലൈഫ് ഗുണഭോക്താക്കളുടെ സംഗമം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ഫണ്ടിൽ നിന്നും തുക ചുവടെ ചേർക്കുന്ന രീതിയിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | - (പരമാവധി) 10,000/- രൂപ |
| മുനിസിപ്പാലിറ്റി | - (പരമാവധി) 15,000/- രൂപ |
| കോർപ്പറേഷൻ | - (പരമാവധി) 25,000/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ